DESPATCHED
On. 8/6/2020
5.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2297***(2)/2015/എസ്.ഐ.സി*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15925**/*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പോൾ തോമസ്,
ചക്കാലയ്ക്കൽ, നിർമ്മല കോളേജിനു സമീപം,
പൂത്തോൾ പി.ഒ., തൃശ്ശൂർ – 680 004. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
എക്സിക്യൂട്ടീവ് എഞ്ചിനീയർ(കമേർഷ്യൽ),
കേരള ഇലക്ട്രിസിറ്റി ബോർഡ്, വൈദ്യുത ഭവനം,
പട്ടം, തിരുവനന്തപുരം – 2514405.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(കൊമേർഷ്യൽ),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം(കൊമേഴ്സ്യൽ &
താരിഫ്) വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.05.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.09.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 09.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പോൾ തോമസ് സി.,

05.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 09.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2297(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.05.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 24.07.2015ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 17.08.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.09.2015ന് മറുപടി നൽകിയതായും കാണുന്നു.

4. 11.11.2015ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 03.07.2015ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിന്നും ലഭിച്ച ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 30.05.2009ന് ടിയാൻ സമർപ്പിച്ചിരുന്ന നിർദ്ദേശം പരിഗണിച്ചോ ഇല്ലയോ എന്നും ആയത് സംബന്ധിച്ച രേഖകൾ ഭേദഗതി വരുത്തിയെങ്കിൽ പകർപ്പും ലഭ്യമാക്കണമെന്നാണ്. 2005–സപ്ലേ കോഡിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ടിയാൻ 30.05.2009ൽ നൽകിയ പരാതി കോഡ് റിവ്യൂ പാനലിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 08.10.2009ലെ കത്തു മുഖേന കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയ വിവരം ഹർജിക്കാരനെ അറിയിച്ചുകൊണ്ടാണ് അപേക്ഷ കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയതെന്നുമാണ്. പ്രസ്തുത അപേക്ഷയ്ക്കുള്ള മറുപടി നൽകുന്നതിനായി ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ ഹർജിക്കാരന്റെ നിർദ്ദേശം കോഡ് റിവ്യൂ പാനൽ പരിഗണിച്ചതായി കാണുന്നില്ലെന്നും മാത്രവുമല്ല 2009ന് ശേഷം കോഡ് റിവ്യൂ പാനൽ കൂടിയതായി കാണുന്നില്ല എന്നും ടി വിവരം രേഖപ്പെടുത്തി ഹർജിക്കാരന് മറുപടി നൽകിയെന്നുമാണ്. പ്രസ്തുത മറുപടി തൃപ്തികരമല്ല എന്നു രേഖപ്പെടുത്തി ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിന് ടി ഓഫീസിൽ ലഭ്യമായിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഹർജിക്കാരൻ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒന്നാം അപ്പീൽ തീർപ്പാക്കുന്നതിനു വേണ്ടി ടിയാനോട് ഓഫീസിൽ ഹാജരായി രേഖകൾ പരി

ശോധിക്കാൻ അനുമതി നൽകിയിരുന്നുവെന്നും ടി അവസരം ഹർജിക്കാരൻ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ലെന്നുമാണ്. കൂടാതെ 01.04.2014ൽ പുതിയ സപ്ലൈ കോഡ് നിലവിൽ വന്നതിനു ശേഷം കോഡ് റിവ്യൂ പാനലുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലാണ് കൈകാര്യം ചെയ്യുന്നതെന്നും സപ്ലൈ കോഡിൽ ഭേദഗതികൾ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ മെമ്പർ സെക്രട്ടറിയെ ബന്ധപ്പെടേണ്ട വിലാസം ടിയാനെ അറിയിച്ചിരുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബ ന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യ മാകുന്നു. കൂടാതെ 30.05.2015ലെ ടിയാന്റെ അപേക്ഷയ്ക്ക് 24.07.2015ലാണ് മറുപടി നൽകിയതായി കാണുന്നത്. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുരമായ വീഴ്ചയാണ്. എന്നാൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിന്നും 26.06.2015ൽ കൈമാറിക്കിട്ടിയ അപേ ക്ഷയാണെന്നും ആയതിന് 24.07.2015ൽത്തന്നെ മറുപടി നൽകിയെന്നും 2009 മാർച്ച് മാസത്തിനു ശേഷം കോഡ് റിവ്യൂ പാനൽ കൂടിയിട്ടില്ലെന്നും ആയതിനാ ലാണ് ടിയാന്റെ അപേക്ഷ പരിഗണിക്കാൻ സാധിക്കാത്തതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതി ന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM